# ആത്മീയ ലഹരിയിലിരുന്ന് നിശ്ചിന്ത ചക്രവർത്തിയാകൂ

ഇന്ന് ഉയർന്നതിലും ഉയന്ന ബാബ കുട്ടികൾക്ക് അലൗകീക ദിവ്യമായ സംഗമയുഗത്തിലെ ഓരോ ദിനത്തിന്റെ ആശംസകൾ നല്കി കൊണ്ടിരിക്കുന്നു. ലോകത്തിലുള്ളവർക്ക് ഏതെങ്കിലും ഒരു വിശേഷ ദിനം മാത്രമായിരിക്കും, ആ വിശേഷ ദിനത്തിൽ എന്താണ് ചെയ്യുന്നത്? അവർ മനസ്സിലാക്കുന്നത് വിശാല ഹൃദയത്തോടെ ആഘോഷിച്ചു കൊണ്ടിരിക്കുന്നുവെന്നാണ്. എന്നാൽ നിങ്ങൾക്കറിയാം അവരുടെ ആഘോഷമെന്താണെന്ന്. അവരുടെ ആഘോഷവും, ഏറ്റവും ഉയന്ന ബാബയുടെ വിശാല ഹൃദയമുള്ള കുട്ടികളായ നിങ്ങളുടെ ആഘോഷവും - എത്രയോ സ്നേഹി, എത്രയോ നിർമ്മോഹിയാണ്. ലോകത്തിലുള്ളവർക്ക് വിശേഷ ദിനമാണ്. സന്തോഷത്തിൽ പാടി, നൃത്തം ചെയ്ത് പരസ്പരം ആ ദിനത്തിന്റെ ആശംസകൾ നല്കുന്നു. അതേപോലെ നിങ്ങൾ കുട്ടികൾക്കും സംഗമയുഗം വളരെ വലിയ യുഗമാണ്. ആയുസ്സിൽ ചെറുതാണ് എന്നാൽ വിശേഷതകളിലും പ്രാപ്തി നല്കുന്നതിലും ഏറ്റവും വലിയ യുഗമാണ്. അതിനാൽ സംഗമയുഗത്തിലെ ഓരോ ദിനവും നിങ്ങൾക്ക് വിശേഷ ദിനമാണ് കാരണം ഉയർന്നതിലും ഉയർന്ന ബാബയെ,ഈ ഉയർന്ന യുഗം- സംഗമയുഗത്തിലാണ് ലഭിക്കുന്നത്. അതോടൊപ്പം ബാബയിലൂടെ ഏറ്റവും ഉയർന്ന പ്രാപ്തിയും ഇപ്പോഴാണ് ലഭിക്കുന്നത്. ബാപ്ദാദ സർവ്വ കുട്ടികളെയും ഉയർന്ന പുരുഷോത്തമരാക്കുന്നത് ഇപ്പോഴാണ്. ഇന്നത്തെ ദിനത്തിന്റെ വിശേഷതയാണ്- സന്തോഷം ആഘോഷിക്കുക, പരസ്പരം ഗിഫ്റ്റ് നല്കുക, ആശംസകൾ നല്കുക, അച്ഛനിലൂടെ തന്നെ ഗിഫ്റ്റ് ലഭിക്കുന്നതിന്റെ ദിനം ആഘോഷിക്കുന്നു. നിങ്ങൾ സർവ്വർക്കും ബാബ സംഗമയുഗത്തിൽ തന്നെ ഉയർന്ന ഗിഫ്റ്റ് എന്താണ് നല്കിയത്? ബാപ്ദാദ സദാ പറയുന്നു- ഞാൻ നിങ്ങൾ കുട്ടികൾക്ക് വേണ്ടി കൈക്കുമ്പിളിൽ സ്വർഗ്ഗത്തിന്റെ രാജ്യ ഭാഗ്യം കൊണ്ടു വന്നിരിക്കുന്നു. അതിനാൽ സർവ്വരുടെയും കൈയ്യിൽ സ്വർഗ്ഗത്തിന്റെ രാജ്യ ഭാഗ്യമില്ലേ. അതിനെയാണ് കൈവെള്ളയിൽ സ്വർഗ്ഗമെന്ന് പറയുന്നത്. ഇതിനേക്കാൾ വലിയ ഗിഫ്റ്റ് മറ്റാർക്കെങ്കിലും നല്കാൻ സാധിക്കുമോ? എത്ര തന്നെ ഉയർന്ന ആൾ വലിയ ഗിഫ്റ്റ് നല്കിയാലും, ബാബയുടെ ഗിഫ്റ്റിന്റെ മുന്നിൽ അതെന്തായിരിക്കും? സൂര്യന്റെ മുന്നിൽ ദീപം പോലെ. അതിനാൽ സംഗമയുഗത്തിന്റെ സ്മരണ, ലക്ഷണങ്ങൾ മറ്റ് ധർമ്മങ്ങളിലും കാണിക്കുന്നു. നിങ്ങൾക്ക് വലിയ യുഗത്തിൽ വലിയ ബാബ വലുതിലും വച്ച് വലിയ ഗിഫ്റ്റാണ് നല്കിയിരിക്കുന്നത്, അതിനാൽ ഇന്നത്തെ വിശേഷ ദിനത്തിൽ ഈ വിധിയിലൂടെ ആഘോഷിക്കുന്നു. അവർ ക്രിസ്തമസ്സ് ഫാദർ എന്ന് പറയുന്നു. ഫാദർ സദാ കുട്ടികൾക്ക് നല്കുന്നവനാണ് ദാതാവാണ്. ലൗകീക രീതീയിലൂടെ നോക്കിയാലും- അച്ഛൻ കുട്ടികളുടെ ദാതാവാണ്. ഇത് പരിധിയില്ലാത്ത അച്ഛനാണ്. പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത ഗിഫ്റ്റാണ് നല്കുന്നത്. മറ്റേത് ഗിഫ്റ്റും എത്ര സമയം നില നില്ക്കും? എത്രയോ നല്ല നല്ല ആശംസകളുടെ കാർഡ് ഗിഫ്റ്റായി നല്കുന്നു. എന്നാൽ ഇന്നത്തെ ദിനം കഴിഞ്ഞാൽ ആ കാർഡ് എന്ത് ചെ.യ്യും? കുറച്ച് സമയത്തേക്കല്ലേ നില നില്ക്കുന്നത്. കഴിക്കാനും കുടിക്കാനുമുള്ള മധുരവും നല്കും, അതും എത്ര സമയം നിൽക്കും. എത്ര സമയം സന്തോഷം ആഘോഷിക്കും. ഒരു രാത്രി പാടും, നൃത്തം ചെയ്യും. എന്നാൽ ബാബ നിങ്ങൾ ആത്മാക്കൾക്ക് ഈ ജന്മത്തിൽ മാത്രമല്ല ജന്മ ജന്മാന്തരം കൂടെയുണ്ടായിരിക്കുന്ന സമ്മാനമാണ് നൽകുന്നത്. ലോകത്തിലുള്ളവർ പറയുന്നു- വെറും കൈയ്യോടെ വന്നു, വെറും കൈയ്യോടെ തന്നെ പോകണം എന്ന്. എന്നാൽ നിങ്ങൾ എന്ത് പറയും? നിങ്ങൾ പെട്ടെന്ന് തന്നെ പറയുന്നു- നമ്മൾ ആത്മാക്കൾ ബാബയിലൂടെ ലഭിച്ച ഖജനാക്കളാൽ സമ്പന്നരായി പോകും, അനേക ജന്മം സമ്പന്നരായിരിക്കും. 21 ജന്മം വരെ ഈ ഗിഫ്റ്റ് കൂടെയുണ്ടായിരിക്കും. ഇങ്ങനെയുള്ള ഗിഫ്റ്റ് മറ്റെവിടെയെങ്കിലും കണ്ടിട്ടുണ്ടോ? ഏതെങ്കിലും വിദേശ രാജ്യത്തെ രാജാവിനോ റാണിക്കോ, ഇങ്ങനെയുള്ള ഗിഫ്റ്റ് നല്കാൻ സാധിക്കുമോ? മുഴുവൻ സിംഹാസനം നല്കിയാലും, വാഗ്ദാനം ചെയ്താലും, നിങ്ങളെന്ത് ചെയ്യും, എടുക്കുമോ? ബാബയുടെ ഹൃദയ സിംഹാസനത്തിന് മുന്നിൽ ഈ സിംഹാസനമെന്ത്. അതിനാൽ നിങ്ങളെല്ലാവരും ലഹരിയിലാണിരിക്കുന്നത്, ആത്മീയ ലഹരിയിൽ. ഈ ആത്മീയ ലഹരിയിലിരിക്കുന്നവർക്ക് ഏതൊരു കാര്യത്തിന്റെയും ചിന്തയുണ്ടായിരിക്കില്ല, നിശ്ചിന്ത ചക്രവർത്തിമാരായിരിക്കും. ഇപ്പോഴും ചക്രവർത്തി, ഭാവിയിലും രാജ്യാധികാരം പ്രാപ്തമാക്കുന്നു. അതിനാൽ ഏറ്റവും വലിയ, എറ്റവും നല്ലത് ഈ നിശ്ചിന്ത ചക്രവർത്തി പദവിയാണ്. എന്തെങ്കിലും ചിന്തയുണ്ടോ? കുടുംബത്തിലിരിക്കുന്നവർക്ക് കുട്ടികളെക്കുറിച്ചുള്ള ചിന്തയുണ്ടോ? കുമാരൻമാർക്ക് ഭക്ഷണമുണ്ടാക്കേണ്ടതിനെ കുറിച്ചുള്ള ചിന്ത കൂടുതലാണ്, കുമാരിമാർക്ക് എന്ത് ചിന്തയാണുള്ളത്? ജോലിയുടേത് അതോ നല്ല ജോലി കിട്ടണം എന്നാണോ? നിശ്ചിന്തരല്ലേ.

ചിന്തയുള്ളവർക്ക് നിശ്ചിന്തമായ ചക്രവർത്തി പദവിയുടെ സുഖം അനുഭവിക്കാൻ സാധിക്കുകയില്ല. വിശ്വ

ത്തിന്റ ചക്രവർത്തി പദവി 20 ജന്മം ലഭിക്കും എന്നാൽ ഈ ചക്രവർത്തി പദവിയും ഹൃദയ സിംഹാസനവും- ഈ ഒരേയൊരു യുഗത്തിൽ ഒരു ജന്മത്തേക്കാണ് ലഭിക്കുന്നത്. അപ്പോൾ ഒന്നിന്റെ മഹത്വമല്ലേ.

ബാപ്ദാദ സദാ കുട്ടികളോട് ഇത് തന്നെയാണ് പറയുന്നത്- ബ്രാഹ്മണ ജീവിതം അർത്ഥം നിശ്ചിന്ത ചക്രവർത്തി. ബ്രഹ്മാബാബ നിശ്ചിന്ത ചക്രവർത്തിയായപ്പോൾ എന്ത് ഗീതം പാടി – നേടേണ്ടതെല്ലാം നേടി കഴിഞ്ഞു, ബാക്കി നേടാൻ ഒന്നും തന്നെയില്ല, നിങ്ങൾ എന്താണ് പറയുന്നത്? സേവനത്തിന്റെ കാര്യം ബാക്കി അവശേഷിച്ചിരിക്കുന്നു, എന്നാൽ അതും ചെയ്യുന്നവനും ചെയ്യിക്കുന്നവനുമായ ബാബ ചെയ്യിച്ചു കൊണ്ടിരിക്കുന്നു, ചെയ്യിച്ചു കൊണ്ടിരിക്കും. എനിക്ക് ചെയ്യണം- ഇതിലൂടെ ഭാരം ഉണ്ടാകുന്നു. ബാബ എന്നിലൂടെ ചെയ്യിച്ചു കൊണ്ടിരിക്കുന്നു- അപ്പോൾ നിശ്ചിന്തരായി മാറും. ഈ ശ്രേഷ്ഠമായ കാര്യം നടക്കുക തന്നെ വേണം എന്ന് നിശ്ചയമുണ്ട് അതിനാൽ നിശ്ചയ ബുദ്ധി, നിശ്ചിന്തമായിരിക്കുന്നു. ഇത് കേവലം കുട്ടികളെ ബിസിയാക്കി വയ്ക്കുന്നതിന് സേവനത്തിന്റെ കളി ബാബ കളിപ്പിച്ചു കൊണ്ടിരിക്കുന്നു. നിമിത്തമാക്കി വർത്തമാന സമയത്തെയും ഭാവിയിലെയും സേവനത്തിന്റെ ഫലത്തിന്റെ അധികാരിയാക്കി കൊണ്ടിരിക്കുന്നു. കാര്യം ബാബയുടേത്, പേര് കുട്ടികളുടേതും. ഫലം കുട്ടികളെ ബാബ കഴിപ്പിക്കുന്നു, സ്വയം കഴിക്കുന്നില്ല. അതിനാൽ നിശ്ചിന്തരായില്ലേ. സേവനത്തിൽ സഫലതയുടെ സഹജമായ സാധനം തന്നെയിതാണ്, ചെയ്യിക്കുന്നവൻ ചെയ്യിച്ചു കൊണ്ടിരിക്കുന്നു. ഞാൻ ചെയ്തു കൊണ്ടിരിക്കുന്നു എങ്കിൽ ആത്മാവിന്റെ ശക്തിക്കനുസരിച്ച് സേവനത്തിന്റെ ഫലം പ്രാപ്തമാകുന്നു. ബാബ ചെയ്യിച്ചു കൊണ്ടിരിക്കുന്നു എങ്കിൽ ബാബ സർവ്വശക്തിവാനാണ്. കർമ്മത്തിന്റെ ഫലവും അത്രയും ശ്രേഷ്ഠമായത് ലഭിക്കുന്നു. അതിനാൽ സദാ ബാബയിലൂടെ പ്രാപ്തമായ നിശ്ചിന്ത ചക്രവർത്തി പദവി അഥവാ കൈവെള്ളയിൽ സ്വർഗ്ഗത്തിന്റെ രാജ്യ ഭാഗ്യത്തിന്റെ ഈശ്വരീയ ഉപഹാരം സ്മൃതിയിൽ വയ്ക്കൂ. ബാബയും ഉപഹാരവും രണ്ടിന്റെയും ഓർമ്മയിലൂടെ ഓരോ ദിനം മാത്രമല്ല ഓരോ നിമിഷവും ഉയർന്നതിലും ഉയർന്ന നിമിഷം, വിശേഷ ദിനമാണ്- എന്ന അനുഭവം ചെയ്യും. ലോകത്തിലുള്ളവർ കേവലം ആശംസകൾ നല്കുന്നു. എന്താണ് പറയുന്നത്? സന്തോഷത്തോടെയിരിക്കണം, ആരോഗ്യശാലിയും സമ്പന്നരുമായിട്ടിരിക്കണം..... എന്ന് പറയുന്നു. എന്നാൽ ആയി തീരുന്നില്ല. ബാബ അങ്ങനെയുള്ള ആശംസകളാണ് നല്കുന്നത്, സദാ ആരോഗ്യം, സമ്പത്ത്, സന്തോഷം  വരദാനങ്ങളുടെ രൂപത്തിൽ കൂടെയുണ്ടാകുന്നു. കേവലം മുഖത്തിലൂടെ പറഞ്ഞ് സന്തോഷിപ്പിക്കുകയല്ല ചെയ്യുന്നത്, എന്നാൽ അങ്ങനെ ആക്കുകയാണ്., ആകുക തന്നെയാണ് ആഘോഷിക്കുക കാരണം അവിനാശി ബാബയുടെ ആശംസകളും അവിനാശിയായിരിക്കും. അതിനാൽ ആശംസകൾ വരദാനമായി മാറുന്നു.

നിങ്ങൾ വേരിൽ നിന്നും ഉണ്ടായിട്ടുള്ളവരാണ്. ഇതെല്ലാം ശാഖകളാണ്, ഈ സർവ്വ ധർമ്മങ്ങളും നിങ്ങളുടെ ശാഖകളല്ലേ. കല്പവൃക്ഷത്തിലെ ശാഖകളാണ് അതിനാൽ വൃക്ഷത്തിന്റെ ലക്ഷണമായാണ് ക്രിസ്ത്മസ്സ് ട്രീ കാണിക്കുന്നത്. ക്രിസ്ത്മസ്സ് ട്രീ എപ്പോഴെങ്കിലും അലങ്കരിക്കപ്പെട്ട് കണ്ടിട്ടുണ്ടോ? ഇതിൽ എന്താണ് ചെയ്യുന്നത്? (സ്റ്റേജിൽ രണ്ട് ക്രിസ്ത്മസ് ട്രീ അലങ്കരിച്ചു വച്ചിരിക്കുന്നു).ഇതിൽ എന്താണ് കാണിച്ചിരിക്കുന്നത്? വിശേഷിച്ചും തിളങ്ങുന്ന ബൾബ് കാണിക്കുന്നു. ചെറിയ ചെറിയ ബൾബുകൾ കൊണ്ടാണ് അലങ്കരിക്കുന്നത്. ഇതിന്റെ അർത്ഥമെന്താണ്? കല്പവൃക്ഷത്തിലെ തിളങ്ങുന്ന ആത്മാക്കളാണ് നിങ്ങൾ. ഏതെല്ലാം ധർമ്മ പിതാക്കൻമാരാണോ വരുന്നത്, അവരും തന്റെ കണക്കനുസരിച്ച് സതോപ്രധാനമാകുന്നു അതിനാൽ ഗോൾഡൻ ഏജ്ഡ് ആത്മാവ് തിളങ്ങി കൊണ്ടിരിക്കും അതിനാൽ ഈ കല്പവൃക്ഷത്തിന്റെ അടയാളമായി അന്യ ധർമ്മത്തിന്റെ ശാഖകളും ഓരോ വർഷവും സ്മരണ ആഘോഷിക്കുന്നു. മുഴുവൻ വൃക്ഷത്തിന്റെ ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദറല്ലേ. ഏതൊരച്ഛനാണ് ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദർ? ബാബ ബ്രഹ്മാവിനെ മുന്നിൽ വച്ചു. സാകാര സൃഷ്ടിയിലെ ആത്മാക്കളുടെ ആദി പിതാവ്, ആദി നാഥൻ ബ്രഹ്മാവാണ് അതിനാൽ ഗ്രേറ്റ് ഗ്രേറ്റ് ഗ്രാന്റ് ഫാദറാണ്. ആദി ദേവനോടൊപ്പം നിങ്ങളുമില്ലേ അതോ ആദി ദേവൻ ഒറ്റയ്ക്കാണോ? നിങ്ങൾ ആദി ആത്മാക്കൾ ഇപ്പോൾ ആദി ദേവന്റെ കൂടെയാണ്, ഇനിയും കൂടെ തന്നെയായിരിക്കും, അത്രയും ലഹരിയുണ്ടോ? സന്തോഷത്തിന്റ ഗീതം സദാ പാടി കൊണ്ടിരിക്കുകയല്ലേ അതോ കേവലം ഇന്ന് മാത്രമാണോ പാടുന്നത്?

ഇന്ന് വിശേഷിച്ച് ഡബിൾ വിദേശികളുടെ ദിനമാണ്. നിങ്ങൾക്ക് ദിവസവും വലിയ ദിനമാണ് അതോ ഇന്ന് മാത്രമാണോ? നാല് ഭാഗത്തുമുള്ള ദേശ വിദേശത്തെ കുട്ടികൾ കല്പ വൃക്ഷത്തിൽ തിളങ്ങുന്ന നക്ഷത്രങ്ങളായി കാണപ്പെട്ടു കൊണ്ടിരിക്കുന്നു. സൂക്ഷ്മ രൂപത്തിൽ സർവ്വരും മധുബനിൽ എത്തി ചേർന്നു. അവരും ആകാരി രൂപത്തിൽ ആഘോഷിച്ചു കൊണ്ടിരിക്കുന്നു. നിങ്ങൾ സാകാരി രൂപത്തിൽ ആഘോഷിച്ചു കൊണ്ടിരിക്കുന്നു. സർവ്വരുടെയും മനസ്സ് ബാബയുടെ ഈശ്വരീയ ഉപഹാരം കണ്ട് സന്തോഷത്തിൽ നൃത്തം ചെയ്ത് കൊണ്ടിരിക്കുന്നു. ബാപ്ദാദായും സർവ്വ സാകാര രൂപധാരി, ആകാരി രൂപധാരി

യായ കുട്ടികൾക്ക് സദാ ഹർഷിതരായി ഭവിക്കട്ടെ എന്ന ആശംസകൾ നല്കി കൊണ്ടിരിക്കുന്നു. സദാ ദിൽഖുശ് മിഠായി കഴിച്ചു കൊണ്ടിരിക്കൂ, പ്രാപ്തിയുടെ ഗീതം പാടി കൊണ്ടിരിക്കൂ. ഡ്രാമയനുസരിച്ച് ഭാരതത്തിലുള്ളവർക്ക് വിശേഷ ഭാഗ്യം ലഭിച്ചിരിക്കുന്നു. ശരി.

സർവ്വ ടീച്ചേഴ്സ് ഈ ശ്രേഷ്ഠമായ ദിനം ആഘോഷിച്ചോ അതോ ദിവസവും ആഘോഷിക്കുന്നുണ്ടോ? വലിയ അച്ഛനാണ്, നിങ്ങളും വലിയവരാണ് അതിനാൽ ലോകത്തിലുള്ളവരുടെ വലിയ ദിനത്തിന് മഹത്വം നല്കുന്നു. ഇതിലും നിങ്ങൾ ചെറുതും വലുതുമായ സഹോദരങ്ങൾക്ക് ഉത്സാഹം നല്കുന്നു. സർവ്വ ടീച്ചേഴ്സും നിശ്ചിന്ത ചക്രവർത്തിമാരല്ലേ? ചക്രവർത്തി അർത്ഥം സദാ നിശ്ചയത്തിലും ലഹരിയിലും സ്ഥിതി ചെയ്യുന്നവർ കാരണം നിശ്ചയം വിജയിയാക്കുന്നു, ലഹരി സന്തോഷത്തിൽ സദാ ഉയരത്തിലേക്ക് ഉയർത്തുന്നു. അതിനാൽ നിശചിന്ത ചക്രവർത്തിയായില്ലേ. എന്തെങ്കിലും ചിന്തയുണ്ടോ? സേവനം എങ്ങനെ അഭിവൃദ്ധി നേടും, നല്ല നല്ല വിദ്യാർത്ഥികൾ എപ്പോൾ വരും? എപ്പോൾ വരെ സേവനം ചെയ്യേണ്ടി വരും? – ഇങ്ങനെ ചിന്തിക്കുന്നില്ലല്ലോ? ചിന്തിക്കാത്തവരാകുന്നതിലൂടെയാണ് സേവനം വർദ്ധിക്കുന്നത്, ചിന്തിച്ചാൽ വർദ്ധിക്കുകയില്ല. ചിന്തിക്കാത്തവരായി ബുദ്ധിയെ ഫ്രീയാക്കി വയ്ക്കുകയാണെങ്കിൽ ബാബയുടെ ശക്തി സഹായത്തിന്റെ രൂപത്തിൽ അനുഭവിക്കാൻ സാധിക്കും. ചിന്തിക്കുന്നതിൽ തന്നെ ബുദ്ധി ബിസിയായിട്ടിരിക്കുകയാണെങ്കിൽ ബാബയുടെ ടച്ചിംഗ്, ബാബയുടെ ശക്തി ഗ്രഹിക്കാൻ സാധിക്കുകയില്ല. ബാബയും ഞാനും– കംബയിന്റാണ്, ചെയ്യുന്നതിന് നിമിത്തം ഞാൻ ആത്മാവാണ്. ഇങ്ങനെയുള്ളവരെയാണ് ചിന്തിക്കാത്തവർ എന്ന് പറയുന്നത് അർത്ഥം ഒന്നിന്റെ ഓർമ്മ. ശുഭചിന്തനത്തിലിരിക്കുന്നവർക്ക് ഒരിക്കലും ചിന്തയുണ്ടായിരിക്കില്ല. ചിന്തയുള്ളയിടത്ത് ശുഭ ചിന്തനമില്ല. ശുഭചിന്തനമുള്ളയിടത്ത് ചിന്തയുണ്ടാകില്ല. ശരി.

നാല് ഭാഗത്തുമുള്ള ഈശ്വരീയ ഉപഹാരത്തിനധികാരിയായ, ഉയർന്നതിലും ഉയർന്ന ബാബയുടെ വലിയ ഭാഗ്യവാനായ ആത്മാക്കൾ, ആദി പിതാവിന്റെ സദാ സാഥിയായ ആദി ആത്മാക്കൾ, സദാ ഉയർന്ന ബാബയിലൂടെ സ്നേഹത്തിന്റെ ആശംസകൾ, അവിനാശി വരദാനം പ്രാപ്തമാക്കുന്ന സർവ്വ സാകാരി രൂപധാരിയും ആകാരി രൂപധാരിയുമായ– സർവ്വ കുട്ടികൾക്ക് ദിൽഖുശ് മിഠായിയോടൊപ്പം സ്നേഹസ്മരണയും നമസ്തേ.

പൂന– ബീഡാർ ഗ്രൂപ്പ്– ദിവസവും അമൃതവേളയിൽ ദിൽഖുശ് മിഠായി കഴിക്കുന്നുണ്ടോ? ദിവസവും അമൃതവേളയിൽ ദിൽഖുശ് മിഠായി കഴിക്കുന്നവർ സ്വയവും മുഴുവൻ ദിവസം സന്തോഷത്തോടെയിരിക്കും, മറ്റുള്ളവരും അവരെ കണ്ട് സന്തോഷിക്കുന്നു. ഇത് അങ്ങനെയുള്ള ടോണിക്കാണ് ഏതൊരു പരിതസ്ഥിതി വന്നാലും ഈ ദിൽഖുശ് മരുന്ന് പരിതസ്ഥിതിയെ ചെറുതാക്കി മാറ്റുന്നു, പർവ്വതത്തെ കടുകിന് സമാനമാക്കുന്നു. ഈ മരുന്നിൽ അത്രയും ശക്തിയുണ്ട്. ശരീരത്തിന്റെ ആരോഗ്യത്തിൽ ശക്തിശാലിയായിരിക്കുന്നവർ, ആരോഗ്യശാലിയായിരിക്കുന്നവർ ഓരോ പരിതസ്ഥിതിയെയും സഹജമായി മറി കടക്കും, ശക്തിഹീനരായിട്ടുള്ളവർ ചെറിയ കാര്യങ്ങളിൽ പോലും ഭയപ്പെടുന്നു. ശക്തിഹീനരുടെ മുന്നിൽ പരിതസ്ഥിതി വലുതായി വരും, ശക്തിശാലിയുടെ മുന്നിൽ പർവ്വതത്തിന് സമാനമായ പരിതസ്ഥിതി പഞ്ഞിക്ക് സമാനമായി മാറുന്നു. അതിനാൽ ദിവസവും ദിൽഖുശ് മിഠായി കഴിക്കുക അർത്ഥം സദാ ദിൽഖുശ് ആയിട്ടിരിക്കുക. ഈ അലൗകീക സന്തോഷത്തിന്റെ ദിനം എത്രയോ കുറവാണ്. ദേവതമാരുടെ സന്തോഷവും ബ്രാഹ്മണരുടെ സന്തോഷവും തമ്മിലും വ്യത്യാസമുണ്ട്. ഈ ബ്രാഹ്മണ ജീവിതത്തിന്റെ പരമാത്മ സന്തോഷം, അതീന്ദ്രിയ സുഖത്തിന്റെ അനുഭവം ദേവതമാരുടെ ജീവിതത്തിൽ പോലും ഉണ്ടായിരിക്കില്ല അതിനാൽ ഈ സന്തോഷത്തെ എത്രത്തോളം വേണമോ ആഘോഷിക്കൂ. ദിവസവും മനസ്സിലാക്കൂ ഇന്ന് സന്തോഷം ആഘോഷിക്കുന്നതിനുള്ള ദിനമാണ്. ഇവിടെ വന്നതിലൂടെ സന്തോഷം വർദ്ധിച്ചില്ലേ. ഇവിടെ നിന്ന് താഴേക്ക് ഇറങ്ങിയാൽ കുറയുന്നില്ലല്ലോ? പറക്കുന്ന കലയിപ്പോളാണ്, പിന്നീട് എത്രത്തോളം നേടിയോ അത്രത്തോളം ഫലം അനുഭവിച്ചു കൊണ്ടിരിക്കും. അതിനാൽ സദാ ഇത് സ്മൃതിയിൽ വയ്ക്കൂ–ഞാൻ ദിൽഖുശ് മിഠായി കഴിക്കുകയും മറ്റുള്ളവരെ കഴിപ്പിക്കുകയും ചെയ്യുന്ന ആത്മാവാണ് കാരണം എത്രത്തോളം നല്കുന്നുവൊ അത്രത്തോളം വർദ്ധിക്കുന്നു. നോക്കൂ, സന്തോഷമായ മുഖം സർവ്വരും ഇഷ്ടപ്പെടുന്നു, ദുഃഖത്തിലും അശാന്തിയിലും ഭയന്ന മുഖം ആരും ഇഷ്ടപ്പെടുന്നില്ലല്ലോ. മറ്റുള്ളവർക്ക് ഇഷ്ടപ്പെടാത്തത് സ്വയത്തിനും ഇഷ്ടപ്പെടരുത്. അതിനാൽ സദാ സന്തോഷം നിറഞ്ഞ മുഖത്തിലൂടെ സേവനം ചെയ്തു കൊണ്ടിരിക്കൂ. മാതാക്കൾ അങ്ങനെയുള്ള സേവനം ചെയ്യുന്നില്ലേ? വീട്ടിലുള്ളവർ നിങ്ങളെ കണ്ട് സന്തോഷിക്കണം. ജ്ഞാനം ഇഷ്ടമല്ലാത്തവരാണെങ്കിലും സന്തോഷകരമായ ജീവിതം കണ്ട് മനസ്സ് കൊണ്ട് തീർച്ചയായും അനുഭവം ചെയ്യുന്നു– ഇവർക്ക് എന്തോ ലഭിച്ചിരിക്കുന്നതിനാലാണ് സന്തോഷമായിട്ടിരിക്കുന്നത്. അഭിമാനം കാരണം പുറമേ പറഞ്ഞില്ലെങ്കിലും ഉള്ളിൽ അനുഭവിക്കുന്നുണ്ട്, അവസാനം

കുനിയുക തന്നെ വേണമല്ലോ. ഇന്ന് ആക്ഷേപിക്കുന്നു, നാളെ പാദങ്ങളിൽ കുനിയും. എവിടെ കുനിയും? അഹോ, പ്രഭൂ എന്ന് പറഞ്ഞ് തീർച്ചയായും കുനിയും. അതിനാൽ അങ്ങനെയുള്ള സ്ഥിതിയായാലേ കുനിയുകയുള്ളൂ. ആരെങ്കിലും ആരുടെയെങ്കിലും മുന്നിൽ കുനിയുകയാണെങ്കിൽ അതിൽ എന്തെങ്കിലും വിശേഷതയുണ്ടായിരിക്കും, ആ വിശേഷതയുള്ളതിനാലാണ് കുനിയുന്നത്. അങ്ങനെയൊന്നും ആരും കുനിയില്ലല്ലോ. കാണപ്പെടണം– ഇവരെ പോലത്തെ ജീവിതം മറ്റാർക്കുമില്ല, സദാ സന്തോഷമായിട്ടിരിക്കുന്നു. കരയേണ്ട പരിതസ്ഥിതിയിൽ പോലും സന്തോഷത്തോടെയിരിക്കണം, മനസ്സ് സന്തോഷമായിട്ടിരിക്കണം. ചിരിച്ചു കൊണ്ടിരിക്കൂവെന്നല്ല, എന്നാൽ മനസ്സ് സന്തോഷമായിട്ടിരിക്കണം. പാണ്ഡവർ എന്താണ് മനസ്സിലാക്കുന്നത്? ഇങ്ങനെയുള്ള അനുഭവം മറ്റുള്ളവർക്ക് ഉണ്ടാകുന്നുണ്ടോ അതോ ഇപ്പോൾ കുറവാണോ? സന്തോഷത്തോടെയിരിക്കുന്നവരുടെ മുഖം വളരെ സേവനം ചെയ്യുന്നു. വായിലൂടെ പറഞ്ഞാലും ഇല്ലെങ്കിലും നിങ്ങളുടെ മുഖം, ജ്ഞാനത്തിന്റെ സംസ്ക്കാരത്തെ സ്വതവേ പ്രത്യക്ഷമാക്കുന്നു. അതിനാൽ സദാ ഇതേ ഓർമ്മയുണ്ടായിരിക്കണം ദിൽഖുശ് മിഠായി കഴിക്കണം, മറ്റുള്ളവരെ കഴിപ്പിക്കണം. സ്വയം കഴിക്കുന്നവർക്ക് മറ്റുള്ളവരെ കഴിപ്പിക്കാതെയിരിക്കാൻ സാധിക്കില്ല. ശരി..

**ബെൽഗാം, സോളാപൂർ ഗ്രൂപ്പ്–** തന്റെ ഈ ശ്രേഷ്ഠമായ ജീവിതത്തെ കണ്ട് ഹർഷിതമാകുന്നുണ്ടോ? കാരണം ഈ ജീവിതം വജ്ര സമാനമായതാണ്. വജ്രത്തിന് മൂല്യമുണ്ടല്ലോ. അതിനാൽ ഈ ജീവിതം അമൂല്യമാണെന്ന് മനസ്സിലാക്കി ഓരോ കർമ്മം ചെയ്യൂ. ബ്രാഹ്മണ ജീവിതം അർത്ഥം അലൗകീക ജീവിതം. അലൗകീക ജീവിതത്തിൽ സാധാരണ പെരുമാറ്റം ഉണ്ടാകരുത്. എന്ത് കർമ്മം ചെയ്താലും അത് അലൗകീകമായിരിക്കണം, സാധാരണമാകരുത്. അലൗകീക സ്വരൂപത്തിന്റെ സ്മൃതിയുണ്ടാകുമ്പോഴാണ് കർമ്മം അലൗകീകമാകുന്നത്. കാരണം സ്മൃതിക്കനുസരിച്ചായിരിക്കും സ്ഥിതി. സ്മൃതിയിലിരിക്കണം– ഒരേയൊരു ബാബ രണ്ടാമതായി ആരുമേയില്ല. അപ്പോൾ ബാബയുടെ സ്മൃതി സദാ സമർത്ഥമാക്കുന്നു, അതിനാൽ കർമ്മവും ശ്രേഷ്ഠവും അലൗകീകവുമായി മാറുന്നു. മുഴുവൻ ദിനത്തിൽ ഏതു പോലെ അജ്ഞാനി ജീവിതത്തിൽ എന്റെ എന്റെ എന്ന് പറഞ്ഞു കൊണ്ടിരുന്നു, ഇപ്പോൾ ഈ എന്റേത് എന്നുള്ളത് ബാബയുടെ നേർക്ക് ആക്കിയില്ലേ. ഇപ്പോൾ എല്ലാ എന്റെ എന്നുള്ളത് സമാപ്തമായില്ലേ. ബ്രാഹ്മണനാകുക അർത്ഥം സർവ്വതും നിന്റെ എന്നതാക്കുക. ഈ തെറ്റ് ചെയ്യുന്നില്ലല്ലോ– എന്റെ എന്നതിനെ നിന്റെ എന്നതും, നിന്റെ എന്നതിനെ എന്റെയുമാക്കുന്നില്ലല്ലോ? എന്തെങ്കിലും കാര്യം ഉണ്ടെങ്കിൽ പറയും – എന്റെ എന്ന്, കാര്യമില്ലായെങ്കിൽ നിന്റെ എന്ന് പറയുന്നു. എന്റെ എന്ന് പറഞ്ഞോളൂ പക്ഷെ എന്റെ ബാബ എന്ന് പറയൂ. ബാക്കി സർവ്വ എന്റെ എന്റെ എന്നുള്ളത് ഉപേക്ഷിച്ച് ഒരേയൊരു എന്റെ എന്നാക്കൂ. ഒരേയൊരു എന്റെ എന്ന് പറയുകയാണെങ്കിൽ പരിശ്രമത്തിൽ നിന്നും മുക്തമാകും, ഭാരമില്ലായെയാകും. ഇല്ലായെങ്കിൽ ഗൃഹസ്ഥി ജീവിതത്തിൽ എത്ര ഭാരമാണുള്ളത്. ഇപ്പോൾ ഭാര രഹിതവും ഡബിൾ ലൈറ്റുമായി അതിനാൽ സദാ പറക്കുന്ന കലയിലുള്ളവരാണ്. പറക്കുന്ന കലയില്ലാതെ നിന്നു പോകരുത്. സദാ പറന്നു കൊണ്ടിരിക്കൂ. ബാബ സ്വന്തമാക്കിയില്ലേ– സദാ ഇതേ സന്തോഷത്തിലിരിക്കൂ.

## വരദാനം– ജ്ഞാനത്തോടൊപ്പം ഗുണങ്ങളെയും ഇമർജ്ജ് ചെയ്ത് നമ്പർവൺ ആയി മാറുന്ന സർവ്വ ഗുണ സമ്പന്നരായി ഭവിക്കട്ടെ.

വർത്തമാന സമയത്ത് പരസ്പരം വിശേഷ കർമ്മത്തിലൂടെ ഗുണ ദാതാവാകേണ്ട ആവശ്യമാണുള്ളത്, അതിനാൽ ജ്ഞാനത്തിനോടൊപ്പം ഗുണങ്ങളെ ഇമർജ്ജ് ചെയ്യൂ. ഇതേ സങ്കല്പം ചെയ്യൂ– എനിക്ക് സദാ ഗുണമൂർത്തായി സർവ്വരേയും ഗുണമൂർത്തിയാക്കേണ്ട വിശേഷ കർത്തവ്യം ചെയ്യുക തന്നെ വേണം. അപ്പോൾ വ്യർത്ഥം കാണാനും, കേൾക്കാനും, ചെയ്യാനുമുള്ള അവസരം ഉണ്ടാകുകയില്ല. മറ്റുള്ളവരെ കാണുന്നതിന് പകരം ബ്രഹ്മാബാബയെ അനുകരിച്ച് ഓരോ സെക്കന്റ് ഗുണങ്ങൾ ദാനംചെയ്യൂ എങ്കിൽ സർവ്വ ഗുണ സമ്പന്നമാകുകയും, ആക്കുകയും ചെയ്യുന്ന ഉദാഹരണമായി നമ്പർവൺ ആയി മാറും

## സ്ലോഗൻ– സൈലൻസിന്റെ ശക്തിയിലൂടെ നെഗറ്റീവിനെ പോസിറ്റീവിലേക്ക് പരിവർത്തനം ചെയ്യുക തന്നെയാണ് മനസ്സാ സേവനം.

**ലവ്‌ലീൻ സ്ഥിതിയുടെ അനുഭവം ചെയ്യൂ–** ഈ പരമാത്മ സ്നേഹം അങ്ങനെയുള്ള സുഖദായി സ്നേഹമാണ്, ഈ സ്നേഹത്തിൽ ഒരു സെക്കന്റ് എങ്കിലും മുഴുകുകയാണെങ്കിൽ അനേക ദുഃഖങ്ങൾ പോകുക മാത്രമല്ല, സദാ സുഖത്തിന്റെ ഊഞ്ഞാലിൽ ആടിക്കൊണ്ടിരിക്കും.